# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P3/1551/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 07/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (AIMS)
2. എ.ഡി.സി. (ജനറൽ).
3. ഓഫീസ് കോപ്പി.

നമ്പർ: KSA KLM P3/1551/2023 തീയ്യതി: 07/11/2023

## കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം ഡി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-08-2023 | 23-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-08-2023 | 23-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ജി. സജികുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അരുൺകുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. രാജൻ വി ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജയകുമാരിഅമ്മ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ലതിക | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| വിദ്യാധരൻ | | | |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിമൽ ചന്ദ്രൻ. ആർ | സെക്രട്ടറി | 01-04-2022 | 08-02-2023 |
| ശ്രീ സജീവ് സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-02-2023 | 31-03-2023 |
| ശ്രീമതി ദീന സുശീൽ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. അശ്വിൻ ദാസ് വി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 18-09-2022 |
| ശ്രീമതി രോഹിണി ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 19-09-2022 | 31-03-2023 |
| ശ്രീമതി. വി. എസ്. രാജലക്ഷ്മി | അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2022 | 10-08-2022 |
| Sri Nasim | Agricultural Asst Director In-charge | 11-08-2022 | 09-10-2022 |
| ശ്രീമതി സംഗീത എ എസ് | കൃഷി അസി.ഡയറക്ടർ | 10-10-2022 | 31-03-2023 |
| ശ്രീമതി.റീന തോമസ് | പട്ടികജാതി വികസന ഓഫീസർ. | 01-04-2022 | 31-03-2023 |
| ഡോ ആശ ജെ ബാബു | സൂപ്രണ്ട്,താലൂക്ക് ആശുപത്രി കടയ്ക്കൽ | 01-04-2022 | 24-08-2022 |
| ഡോ അമ്പു വി | സൂപ്രണ്ട്,താലൂക്ക് ആശുപത്രി കടയ്ക്കൽ | 25-08-2022 | 27-02-2023 |
| ഡോ ധനുജ വി എ | സൂപ്രണ്ട്,താലൂക്ക് ആശുപത്രി കടയ്ക്കൽ | 28-02-2023 | 31-03-2023 |
| ഡോ ശശി | മെഡിക്കൽ ഓഫീസർ സിഎച്ച് സി നിലമേൽ | 01-04-2022 | 31-03-2023 |
| ഡോ അനിത ബി വി | മെഡിക്കൽ ഓഫീസർ സിഎച്ച് സി വെളിനല്ലൂർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുധാമണി എസ് | സിഡിപിഒ ചടയമംഗലം | 01-04-2022 | 31-03-2023 |
| ശ്രീമതി പൗർണ്ണമി സി വി | ക്ഷീരവികസന ഓഫീസർ | 01-04-2022<br>01-04-2022 | 31-03-2023<br>24-06-2022 |
| ശ്രീമതി ആശ ബി | ക്ഷീരവികസന ഓഫീസർ | 25-06-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ നിസാം റ്റി എസ് | വ്യവയായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1.1 |
| 3 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല | 1-1.2 |
| 4 | പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല. | 1-1.3 |
| 5 | വാർഷികക്കണക്കിൽ ബാധ്യതയായി ഉൾപ്പെടുത്തിയ തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1.4 |
| 6 | വിവിധ ഫണ്ടുകളുടെ ചെലവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1.5 |
| 7 | വാർഷിക കണക്കിലെ തുകകളുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1.6 |
| 8 | വിവിധ ഏജൻസികളിലേക്ക് നിക്ഷേപിച്ച തുകയുടെ വിവരം വാർഷിക ധനകാര്യ പത്രകയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1.7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്യാഷ് പരിശോധന | 1-7 |
| 15 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-8 |
| 16 | വാടകക്കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. | 1-9 |
| 17 | ചടയമംഗലം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ പൊതു ടോയ്‌ലറ്റ് നിർമ്മാണം - പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-10 |
| 18 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി (70/23) - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-11 |
| 19 | ധനവിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക 7,00,000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-12 |
| 20 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക | 1-13 |

| | | |
|---|---|---|
| | 1,44,948/-രൂപ തടസ്സപ്പെടുത്തുന്നു. | |
| 21 | മരുന്നുകൾ ലഭ്യമായില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-14 |
| 22 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല | 1-15 |
| 23 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മുഖേന നടപ്പിലാക്കിയിട്ടുള്ള നിക്ഷേപക പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 1-16 |
| 24 | പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം മുഖേന നടപ്പിലാക്കിയിട്ടുള്ള നിക്ഷേപക പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 25 | വിവിധ പട്ടികജാതി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രവൃത്തി (അനെർട്ട് മുഖേന നടപ്പിലാക്കിയിട്ടുള്ളത്) പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 26 | സ്കൂളുകളിൽ നാപ്കിൻ ഡിസ്ട്രോയർ മെഷീനും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ (199/23) വനിതാ വികസന കോർപറേഷൻ മുഖേന നടപ്പിലാക്കിയ പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല. | 1-19 |
| 27 | ചിതറ ഗ്രാമ പഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയത്തിന് വിഹിതം നൽകൽ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധപത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 06/07/2023 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 2/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 07/07/2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1.1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, ക്യാഷ് ഫ്ലോ പത്രിക.

### 1-1.2 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ.

### 1-1.3 പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല.

2022-23 സാമ്പത്തിക വർഷം വികസനഫണ്ട്- ജനറൽ- പേയ്മെന്റ് ആകാത്ത ബില്ലുകൾ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ ചെലവിനത്തിൽ 2,63,813/- രൂപയുടെ വ്യത്യാസം കാണുന്നു.

### 1-1.4 വാർഷികക്കണക്കിൽ ബാധ്യതയായി ഉൾപ്പെടുത്തിയ തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

1. B-4 ഷെഡ്യൂളിൽ (TSC +NBA) 4340820/-രൂപ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇന്ത്യൻ ബാങ്ക് അക്കൗണ്ട് നം. 55542956 ലെ TSC നീക്കിയിരുപ്പ് 12,83,726/- രൂപയും ഇന്ത്യൻ ബാങ്ക് അക്കൗണ്ട് നം. 6155291283 NBA നീക്കിയിരുപ്പ് 31,44,196/- രൂപയും ഉൾപ്പെടെ 44,27,922/- രൂപയാണ്.
2. PMAY-RP-40(b) & റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരുപ്പ് തുക 2,10,193/- രൂപയാണ്. ബി-4 ഷെഡ്യൂൾ പ്രകാരം 47,51,984/- രൂപ ഉൾപ്പെട്ടതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

### 1-1.5 വിവിധ ഫണ്ടുകളുടെ ചെലവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

MGNREGS – ചെലവ് വാർഷിക ധനകാര്യപത്രിക പ്രകാരം- 3,21,832/-രൂപ.
MGNREGS - ക്യാഷ് ബുക്ക് പ്രകാരം-14,73,912/-രൂപ.
MPLAD/MLASDF – ചെലവ് വാർഷിക ധനകാര്യ പത്രിക പ്രകാരം- 12,54,099/-രൂപ.
ACR പ്രകാരം - 12,14,099/-രൂപ.

### 1-1.6 വാർഷിക കണക്കിലെ തുകകളുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

RP-10-180800199 – 26,476/-രൂപ

B-4-320800199 – 6,77,315/-രൂപ

### 1-1.7 വിവിധ ഏജൻസികളിലേക്ക് നിക്ഷേപിച്ച തുകയുടെ വിവരം വാർഷിക ധനകാര്യ പത്രകയിൽ ഉൾപ്പെട്ടിട്ടില്ല.

GWD, ANERT, PWD - Electronics എന്നീ ഏജൻസികളിലേക്ക് നിക്ഷേപിച്ച തുകയുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല (ഖണ്ഡിക 4-3 ൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്).

### 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 25.02.2022-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 22.03.2023-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,64,58,360/-രൂപ |
| വരവ് | 12,38,99,215/-രൂപ |
| ആകെ | 15,03,57,575/-രൂപ |
| ചെലവ് | 13,47,82,869/-രൂപ |
| നീക്കിയിരിപ്പ് | 1,55,74,706/-രൂപ |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/നിരാകരിച്ച തുക | - |
| തടസ്സപ്പെടുത്തിയ തുക | 1,50,76,210/-രൂപ |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി. ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 38909000/- | 38909000/- | 34915477/- | 3993523/- |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 25666000/- | 25666000/- | 21810344/- | 3855656/- |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 350000/- | 350000/- | 350000/- | - |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 11398000/- | 11398000/- | 9758484/- | 1639516/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( Tied-Bank) (ACR പ്രകാരം) | 3702880/- | 9410000/- | 13112880/- | 12428879/- | 684001/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) (ACR പ്രകാരം) | 1864853/- | 6273000+ 311599 (Interest) | 8449452/- | 5535978/- | 2913474/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury) (ACR പ്രകാരം) | - | 2893313/- | 2893313/- | 781335/- | 2111978/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) (ACR പ്രകാരം) | - | 322776/- | 322776/- | 322776/- | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| MGNREGS | 173158/- | 1303271/- | 1476429/- | 1473912/- | 2517/- |
| ഹരിയാലി | 1976529/- | 55421/- | 2031950/- | - | 2031950/- |
| TSC | 4219961/- | 120859/- | 4340820/- | - | 4340820/- |
| IAY | 8911908/- | 37537/- | 8949445/- | 4197461/- | 4751984/- |
| MPLAD | 669180/- | 1214099/- | 1883279/- | 1176129/- | 707150/- |
| ഹെൽത്ത് ഗ്രാന്റ് | 0 | 2602743/- | 2602743/- | 769467/- | 1833276/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 140 | 15,74,91,498/- | 93 | 9,73,13,780/- | 38 | 9 | 66.43% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,73,158/- | 13,03,271/- | 14,76,429/- | 14,73,912/- | 2,517/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | - | - | - | - |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.8.2023 ന് നടത്തുകയുണ്ടായി. ടി ദിവസം ബ്ലോക്കു പഞ്ചായത്തിൽ വരവില്ല.

## 1-8 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി)

* ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ക്ഷേമചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നിർവ്വഹണം നടത്തുന്നതിന് ഉതകുന്ന ഭരണ സംവിധാനം പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

* ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

* പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തിക വർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും

ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്.

* ബ്ലോക്ക് പഞ്ചായത്തിന് ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി ഭരണനിർവ്വഹണം സാദ്ധ്യമാക്കുന്നതിന് മാർഗനിർദ്ദേശങ്ങൾക്കനുസൃതമായ നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാൻ ഭരണനിർവ്വഹണാധികാരികൾ പരിശ്രമിച്ചിട്ടുണ്ടെങ്കിലും ധനാഗമവിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലേയും പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിലേയും ജാഗ്രതക്കുറവ് പ്രകടമാണ്.

* വികസന പ്രവർത്തനങ്ങൾക്കായും ആസ്തികളുടെ പരിപാലനത്തിനുമായി ലഭ്യമായ ഫണ്ടുകൾ വാർഷിക പദ്ധതി നിർവഹണ പ്രവർത്തനങ്ങളിലൂടെ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല.

* പ്രോജക്ട് നടത്തിപ്പുകളിൽ തുടർ മോണിട്ടറിംഗ് സംവിധാനം അനിവാര്യം.

* PMAY ഭവനം, പഠനമുറി നിർമ്മാണം എന്നീ പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

* വിവിധ പദ്ധതികൾ മുഖേന മരുന്നുകൾ വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല.

* വിവിധ പട്ടികജാതി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രവൃത്തി (അനെർട്ട് മുഖേന നടപ്പിലാക്കിയിട്ടുള്ളത്) പൂർത്തീകരിച്ചിട്ടില്ല.

* പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം മുഖേന നടപ്പിലാക്കിയിട്ടുള്ള നിക്ഷേപക പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

* ഗ്രൗണ്ട് വാട്ടർ ഡ്പ്പാർട്ട്മെന്റ് മുഖേന നടപ്പിലാക്കിയിട്ടുള്ള നിക്ഷേപക പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

* കറ്റൂട്ടിൽ – ഒലിപ്പുറം 4 സെന്റ് കോളനി സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, കരാറുകാരന് അധികം തുക നല്കി (ഖ. 3-1 കാണുക).

## 1-9 വാടകക്കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

ചടയമംഗലം ബ്ലോക്കുപഞ്ചായത്തിന്റെ അധീനതയിലുള്ള നിലമേൽ വ്യവസായ എസ്റ്റേറ്റിലെ 1 മുതൽ 6 വരെയുള്ള കടമുറികൾ ശ്രീ. ആർ. എസ്. ലാൽ എന്നയാളുടെ വ്യവസായ യൂണിറ്റും 7, 8 കടമുറികൾ ശ്രീ. അഭിലാഷ് മാധവൻ എന്നയാളുടെ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ചാണ് വ്യവസായ കേന്ദ്രത്തിനാവശ്യമായ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. വാടക പിരിവിന്റെ 60% ജില്ലാ പഞ്ചായത്തിനും 40% ബ്ലോക്ക് പഞ്ചായത്തിനുമായാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഫയൽ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രീ. ആർ. എസ്. ലാലിന് 2015 മെയ് മുതൽ 2023 ഏപ്രിൽ വരെ 12,55,104/- രൂപയും ശ്രീ. അഭിലാഷ് മാധവന് 2018 ജനുവരി മുതൽ 2023 ഏപ്രിൽ വരെ 2,19,456/-രൂപയും വാടകക്കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് ബ്ലോക്കു പഞ്ചായത്ത് കമ്മിറ്റിയുടെ 10.8.23 തീയതിയിലെ 7(2) -ാം നം. തീരുമാനപ്രകാരം വാടകക്കുടിശ്ശികയുള്ള കടമുറികൾ ഏറ്റെടുക്കുന്നതിനും വാടകക്കുടിശ്ശിക ആർ. ആർ. നടപടികളിലൂടെ ഈടാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും ആയതിന്റെ അടിസ്ഥാനത്തിൽ വാടകക്കാർക്ക് നോട്ടീസ് അയച്ചതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2015 മുതൽ നാളിതുവരെ വാടക ഒടുക്കാത്തവരുടെ നിക്ഷേപത്തിൽ നിന്ന് വാടക ഈടാക്കി ഒടുക്കു വരുത്തി വാടകക്കാരെ ഒഴിപ്പിക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. റവന്യൂ റിക്കവറി ഉൾപ്പെടെ ഉള്ള നടപടികളിലൂടെ വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിനും ഈടാക്കുന്ന വാടകയുടെ ജില്ലാ പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 2 /21.8.2023

## 1-10 ചടയമംഗലം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ പൊതു ടോയ്‌ലറ്റ് നിർമ്മാണം - പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്രോജക്ട് നം – 143/21, 84/22 & 65/23

അടങ്കൽ - 22,60,000/-രൂപ (₹ 20,60,000/- (CFC), ₹ 2,00,000/- (ഗ്രാമപഞ്ചായത്ത് വിഹിതം)) (2021-22)

10,30,130/-രൂപ (CFC) (2022-23)

ചെലവ് - 9,99,164/-രൂപ (ബിൽ നം. 10/21.3.22)

7,81,335/-രൂപ (ബിൽ നം.13/17.3.23)

ബ്ലോക്കുപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി. എക്സി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചടയമംഗലം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ പൊതു ടോയ്‌ലറ്റ് നിർമ്മാണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ SAARPINDIA എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 18.1.2021 ലെ 3(2)നം. തീരുമാനപ്രകാരം അംഗീകരിച്ച് ടി സ്ഥാപനവുമായി കരാറിലേർപ്പെട്ടു. ഇതിനായി 2021-22 വർഷം 9,99,164/-രൂപയും 2022-23 വർഷം 7,81,335/-രൂപയും ആകെ 17,80,499/- രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ടോയ്‌ലറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ആയത് തുറന്ന് പ്രവർത്തിക്കാത്തതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ടി കെട്ടിടത്തിന് ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കുന്നതിനും ജലലഭ്യത ഇല്ലാത്തതിനാൽ കുഴൽക്കിണർ നിർമ്മിക്കുന്നതിനും കാലതാമസം നേരിട്ടതായും ടി പ്രവൃത്തി പൂർത്തിയാക്കി പൊതുടോയ്‌ലറ്റ് ഉപയോഗയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
എൻക്വയറി നം. – 3/21.8.2023

## 1-11 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി (70/23) - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് – പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി (70/23).

നിർവ്വഹണ ഉദ്യോഗസ്ഥൻ - SCDO.

അടങ്കൽ തുക - ₹ 52,00,000/- (വികസന ഫണ്ട്, ടി.എസ്.പി.)

ചെലവ് – ₹ 42,25,000/-

താഴെക്കൊടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി തുക അനുവദിച്ചുവെങ്കിലും പ്രവൃത്തി പൂർത്തിയായിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1) രാഹുൽ ആർ. [കൈപ്പറ്റിയ തുക – 50,000/-രൂപ (24/31-01-23) & 75,000/-രൂപ (25/21-03-23)]

2) സൗമ്യ എം എസ് [കൈപ്പറ്റിയ തുക – 50,000/-രൂപ (12/12-01-23) & 75,000/-രൂപ (18/22-02-23)]

മേൽ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ചെലവഴിച്ചിട്ടുള്ള 2,50,000/-രൂപ തടസ്സപ്പെടുത്തുന്നു. നിർമ്മാണം പൂർത്തീകരിച്ച്, രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.
ഓഡിറ്റ് അന്വേഷണം -1/18-08-2023.
തടസ്സം – 2,50,000/-രൂപ.

## 1-12 ധനവിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക 7,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ – 146/23.
കടയ്ക്കൽ താലൂക്ക് ആശുപത്രിയ്ക്ക് പബ്ലിക്ക് അഡ്രസ് സിസ്റ്റം സ്ഥാപിയ്ക്കൽ.
മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ, കടയ്ക്കൽ
ആകെ അടങ്കൽ – 7,00,000/-രൂപ.
ആകെ ചെലവ് – 7,00,000/-രൂപ.
ബിൽ നം. – 47/17.3.2023.
കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ ജീവനക്കാർക്കും ഡോക്ടർമാർക്കും വിവിധ പദ്ധതികളിൽ പരിശീലനം നൽകുന്നതിനുമായി പുതിയതായി സജ്ജീകരിച്ച കോൺഫറൻസ് ഹാളിലേക്കും രോഗികൾക്ക് പൊതുവായ

നിർദേശം നൽകുന്നതിനുമായി മൈക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പ്രോജക്ട് പ്രകാരം പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം 7,00,000/- രൂപ (ചെല്ലാൻ നമ്പർ 6410 – 17.3.2023) 8443-00-108-pw Deposit- എന്ന ഹെഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

ആയതിന്റെ ധനവിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി അസി. എക്സി. എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.
തടസ്സപ്പെടുത്തുന്ന തുക – 7,00,000/- രൂപ.
ഓഡിറ്റ് എൻക്വയറി നം. -6/21.08.2023.

## 1-13 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക 1,44,948/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 76/23 (നിലമേൽ സി.എച്ച്.സി. യിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ).
നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.-നിലമേൽ).
അടങ്കൽ - 150,000/-രൂപ (മെയിന്റൻസ് ഫണ്ട് റോഡിതരം)
ചെലവ് – 1,44,948/-രൂപ.
ബിൽ നം./ തിയതി :-

1) 24/10-2-23 തുക 54,954/-രൂപ (Perfoma Invoice - 45322/31/1/23) - Desktop
2) 25/10-2-23 തുക 54,954/-രൂപ (Perfoma Invoice – 44716/13-1-23) - Desktop
3) 26/10-2-23 തുക 35,040/-രൂപ (Perfoma Invoice – 44717/13-1-23) – Multi Function Printer

നിലമേൽ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതു ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ്. എന്നിവ വാങ്ങുന്നതിനായി പ്രോജക്ടിൽ ഉൾപ്പെടുത്തി മേൽ സൂചിത പെർഫോമാ ഇൻവോയിസുകൾ പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി. മിഷന് തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. ഉപകരണങ്ങൾ ലഭ്യമാക്കി, സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 1,44,948/-രൂപ
ഓഡിറ്റ് എൻക്വയറി നം – 8

## 1-14 മരുന്നുകൾ ലഭ്യമായില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

ചടയമംഗലം ബ്ലോക്കിൽ 2022-23 വർഷം നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മുഴുവൻ തുകയ്ക്കും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | K.M.S.C.Lന് മുൻകൂർ നൽകിയ തുക (₹) | ബിൽ നം./ തീയതി | ബാക്കി ലഭിക്കേണ്ട മരുന്നുകളുടെ വില (₹) |
|---|---|---|---|
| 34/23, മരുന്ന് വാങ്ങൽ (മെഡിക്കൽ ഓഫീസർ വെളിനെല്ലൂർ) | 61,457/- PRF 613/8-7-22 | 8/21-7-22 | 101097/- |
| 37/22, സെക്കണ്ടറി പാലിയേറ്റീവ് കെയർ (മെഡിക്കൽ ഓഫീസർ വെളിനെല്ലൂർ) | 2,12,104/- PRF-1592/11.10.22 | 31/29-10-22 | 50223/- |

| | | | |
|---|---|---|---|
| 73/23, നിലമേൽ സി.എച്ച്.സി. യ്ക്ക് മരുന്ന് വാങ്ങൽ (മെഡിക്കൽ ഓഫീസർ നിലമേൽ) | 800000/- Prf-1849/26.10.22 | 17/11.11.22 | 226909/- |
| 35/23, നിലമേൽ സി.എച്ച്.സി. യ്ക്ക് സെക്കൻഡറി പാലിയേറ്റീവ് കെയർ യൂണിറ്റ് (മെഡിക്കൽ ഓഫീസർ നിലമേൽ) | 237184/- Prf-123/31.8.22 | 13/31.8.22 | 63334/- |
| | | ആകെ | 441563/- |

വിശദ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകാതിരിക്കുന്നത് ആശുപത്രി സേവനങ്ങളെയും പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങളെയും ബാധിക്കുന്നുണ്ടോ എന്ന് മോണിറ്ററിംഗ് സമിതി യഥാസമയം പരിശോധിക്കേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി മോണിറ്ററിംഗ് റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

തടസ്സപ്പെടുത്തുന്ന തുക – 4,41,563/-രൂപ.

ഓഡിറ്റ് എൻക്വയറി നം. – 7/21.08.2023.

## 1-15 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല

പ്രോജക്ട് നം.– 154/23 (വെളിനെല്ലൂർ സി.എച്ച്.സി. യിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ)

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (സി.എച്ച്.സി., വെളിനെല്ലൂർ)

ആകെ അടങ്കൽ – 1,00,000/-രൂപ (മെയിന്റൻസ് ഫണ്ട്)

ആകെ ചെലവ് – 99,200/-രൂപ

ബിൽ നം./ തീയതി :-

1) 29/22-23, Dt. 29-10-22, തുക 52,700/-രൂപ.

2) 50/22-23, Dt. 17-2-23, തുക 46,500/-രൂപ.

ആശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന പദ്ധതി പ്രകാരം കമ്പ്യൂട്ടറും, പ്രിന്ററും, അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ഇത് പ്രകാരം കരുമ്പേലിൽ കംമ്പ്യൂട്ടേഴ്സ്, കസ്തൂർബാ ബിൽഡിംഗ്, പുലമൺ പി.ഒ, കൊട്ടാരക്കര എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ മുഖേന താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| വാങ്ങിയ ഉപകരണങ്ങൾ | എണ്ണം | തുക (₹) |
|---|---|---|
| PRINTER - HP Laserjet M 438N CNB1 Q360Z3 (Tax Invoice 22-23/1316/20-10-22) | 3 | 52700/- |
| (Tax Invoice-22-23/2073-14-2-2023)<br>Desk Top Acer Dual Core-monitor<br>Printer HP 2338 CN 234330H1<br>UPS Zebronics/Foxin (ZBJ 01MS 43370) | 1<br>1<br>1 | 46500/- |
| ആകെ | | 99,200/- |

എല്ലാ സർക്കാർ വകുപ്പുകളും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും CPRCS (Centralised Procurement Rate Contract System) പോർട്ടൽ മുഖേന വാങ്ങുന്നത് നിർബന്ധമാക്കി 18.03.2019 തിയതി, ഐ.ടി. സെൽ-1/26/2019/വി.സ.വ. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് സ്റ്റോർസ് പർച്ചേസ് മാന്വൽ, 2013 ൽ ഖ. 7.52 കൂട്ടിച്ചേർത്തിട്ടുണ്ട്. CPRCS ൽ നിന്നും ഉപകരണങ്ങൾ ലഭ്യമാകുവാൻ ഒരു മാസത്തിലകം കാലതാമസം ഉണ്ടായാൽ ഡെപ്പോസിറ്റ് തുക തിരികെ ലഭ്യമാക്കി കമ്പ്യൂട്ടറുകൾ GeM മുഖേന വാങ്ങാവുന്നതാണെന്ന സ.ഉ(ആർടി)നം. 2076/2021/തസ്വഭവ തിയതി 23-10-2021, സ.ഉ(ആർടി)നം. 482/2022/LSGD തിയതി 28-02-2022 എന്നിവ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ

ഓഡിറ്റ് എൻക്വയറിയ്ക്ക് GEM പോർട്ടൽ ഓപ്പൺ ചെയ്യാൻ സാധിയ്ക്കാത്തതിനാലും, കമ്പ്യൂട്ടറും, പ്രിന്ററും അത്യാവശ്യമായതിനാലും ആണ് സ്വകാര്യ സ്ഥാപനത്തിൽ നിന്നും വാങ്ങിയത് എന്നും മറുപടി ലഭ്യമാക്കി. സർക്കാർ ഉത്തരവും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാതെ സാധനങ്ങൾ വാങ്ങിയതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 8/21.08.2023.

## 1-16 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മുഖേന നടപ്പിലാക്കിയിട്ടുള്ള നിക്ഷേപക പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മുഖേന നടപ്പിലാക്കിയിട്ടുള്ള നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് | ഒടുക്കു വരുത്തിയിട്ടുള്ള തുക (₹) | ബിൽ നം. |
|---|---|---|---|
| 1 | ചടയമംഗലം ഗ്രാമ പഞ്ചായത്തിലെ ഇളവക്കോട് വാർഡിൽ മാർത്തോമാ കോളജിന് സമീപം മിനികുടിവെള്ള പദ്ധതി (196/23) അടങ്കൽ തുക – 7,00,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 7,00,000/- | 485/ 27-03-2023 |
| 2 | ടേക്ക് എ ബ്രേക്കിന് കുഴൽകിണറും പമ്പ് സെറ്റ് സ്ഥാപിക്കലും (17/23) അടങ്കൽ തുക – 12,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 12,00,000/- | 212/ 28-12-2022 |
| 3 | ആക്കോണം വാർഡിൽ ഇടുക്കു പാറ പ്രദേശത്ത് മിനി കുടിവെള്ള പദ്ധതി (18/23) അടങ്കൽ തുക – 12,00,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 11,04,900/- | 214/ 28-12-2022 |
| 4 | വെളിനല്ലൂർ പഞ്ചായത്തിലെ അഞ്ഞൂറ്റിനാല് വാർഡിൽ കൊല്ലംകോണം എസ്.സി. കോളനിയിൽ കുടിവെള്ള പദ്ധതി (91/23) അടങ്കൽ തുക – 5,00,000/-രൂപ (വികസന ഫണ്ട്) | 5,00,000/- | 48/ 30-12-2022 |
| 5 | ചടയമംഗലം ഗ്രാമ പഞ്ചായത്തിലെ പൂങ്കോട് വാർഡിലെ നടുക്കുന്ന് പ്രദേശത്ത് മിനി കുടിവെള്ള പദ്ധതി (21/23) അടങ്കൽ തുക – 13,00,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 13,00,000/- | 215/ 28-12-2022 |
| 6 | കുമ്മിൾ ഗ്രാമ പഞ്ചായത്തിലെ തച്ചോണം വാർഡിൽ മംഗലം കോളനി കുടിവെള്ള പദ്ധതി (89/23) അടങ്കൽ തുക – 5,00,000/-രൂപ (വികസന ഫണ്ട്) | 5,00,000/- | 41/ 30-12-2022 |
| 7 | കടയ്ക്കൽ ഗ്രാമ പഞ്ചായത്തിലെ ഇടത്തറ വാർഡിൽ കരവാരം പ്രദേശത്ത് മിനി കുടിവെള്ള പദ്ധതി (16/23) അടങ്കൽ തുക – 10,00,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 10,00,000/- | 213/ 28-12-2022 |
| 8 | കടയ്ക്കൽ ഗ്രാമ പഞ്ചായത്തിലെ കാര്യം വാർഡിലെ വിരയറ കോളനി കുടിവെള്ള പദ്ധതി (198/23) അടങ്കൽ തുക - 6,00,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 6,00,000/- | 486/ 27-03-2023 |
| | ആകെ | 69,04,900/- | |

വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഒടുക്കുവരുത്തിയിട്ടുള്ള 69,04,900/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും, വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം-02, തീയതി 21-08-2023.
തടസ്സപ്പെടുത്തിയ തുക - 69,04,900/- രൂപ.

## 1-17 പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം മുഖേന നടപ്പിലാക്കിയിട്ടുള്ള നിക്ഷേപക പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം മുഖേന നടപ്പിലാക്കിയിട്ടുള്ള നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ച് ഒടുക്ക വരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് | ഒടുക്കവരുത്തിയിട്ടുള്ള തുക (₹) | ബിൽ നം. |
|---|---|---|---|
| 1 | ബ്ലോക്ക് ഓഫീസിന് നെറ്റ് വർക്കിംഗ് സംവിധാനം (110/23)<br>അടങ്കൽ തുക – 3,28,000/-രൂപ (തനത് ഫണ്ട്) | 3,28,000/- | 474/<br>22-03-2023 |
| 2 | കടയ്ക്കൽ ഗവ. ഹയർസെക്കന്ററി സ്കൂളിൽ കോൺഫറൻസ് ഹാളിലേയ്ക്ക് വേണ്ട സൗകര്യം ഒരുക്കൽ (166/23)<br>അടങ്കൽ തുക - 5,99,100/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 5,99,100/- | 473/<br>22-03-2023 |
| | ആകെ | 9,27,100/- | |

വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 9,27,100/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 02, തീയതി 21-08-2023.
തടസ്സപ്പെടുത്തിയ തുക - 9,27,100/- രൂപ.

## 1-18 വിവിധ പട്ടികജാതി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രവൃത്തി (അനെർട്ട് മുഖേന നടപ്പിലാക്കിയിട്ടുള്ളത്) പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് - വിവിധ പട്ടികജാതി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ.
അടങ്കൽ തുക - 28,02,800/-രൂപ (വികസനഫണ്ട് – എസ്. സി. പി.)
ടി പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ബിൽ നം. 78 തീ 17-02-2023 പ്രകാരം 24,07,900/-രൂപ പിൻവലിച്ച് താഴെ കൊടുത്തിരിക്കുന്ന പട്ടികജാതി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അനെർട്ടിൽ ഒടുക്ക വരുത്തി.

| | |
|---|---|
| 1 | ചടയമംഗലം ഗ്രാമ പഞ്ചായത്തിലെ വെള്ളൂപ്പാറ വാർഡിൽ പച്ചയിൽ കോളനി |
| 2 | ചടയമംഗലം ഗ്രാമ പഞ്ചായത്തിലെ മാടൻനട വാർഡിൽ തെങ്കോട് കോളനി |
| 3 | ചടയമംഗലം ഗ്രാമ പഞ്ചായത്തിലെ അക്കോണം വാർഡിൽ വാവൂർ കോളനി |
| 4 | കുമ്മിൾ ഗ്രാമ പഞ്ചായത്തിലെ പാങ്ങലുകാട് വാർഡിൽ ലക്ഷംവീട് കോളനി |
| 5 | കടയ്ക്കൽ ഗ്രാമ പഞ്ചായത്തിലെ കാര്യം വാർഡിൽ ലക്ഷംവീട് കോളനി |
| 6 | ഇട്ടിവ ഗ്രാമ പഞ്ചായത്തിലെ വയ്യാനം വാർഡിൽ കല്യാണിമുക്ക് കോളനി |
| 7 | ഇട്ടിവ ഗ്രാമ പഞ്ചായത്തിലെ പടിഞ്ഞാറേ വയല വാർഡിൽ പ്രിയദർശിനി കോളനി |
| 8 | ഇട്ടിവ ഗ്രാമ പഞ്ചായത്തിലെ കിഴക്കേ വയലാ വാർഡിൽ ചെമ്മണ്ണ് മുകൾ കോളനി |

| | |
|---|---|
| 9 | ഇട്ടിവ ഗ്രാമ പഞ്ചായത്തിലെ വെളുന്തറ വാർഡിൽ ലക്ഷംവീട് കോളനി |
| 10 | ചിതറ ഗ്രാമ പഞ്ചായത്തിലെ മുതയിൽ വാർഡിൽ പെരുവനാമൂല കോളനി |
| 11 | കുമ്മിൾ ഗ്രാമ പഞ്ചായത്തിലെ ദർപ്പക്കാട് വാർഡിൽ അംബേദ്കർ ഗ്രാമം |

ഇതേ പ്രോജക്റ്റിനായി ബിൽ നം. 88 തീ. 17-03-2023 പ്രകാരം 3,94,900/-രൂപ പിൻവലിച്ച് താഴെ കൊടുത്തിരിക്കുന്ന പട്ടികജാതി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അനെർട്ടിൽ ഒടുക്കു വരുത്തി.

| | |
|---|---|
| 1 | കടയ്ക്കൽ ഗ്രാമ പഞ്ചായത്തിലെ പുല്ലുപണ വാർഡിൽ പാലോണം കോളനി |
| 2 | ചിതറ ഗ്രാമ പഞ്ചായത്തിലെ കാരിച്ചിറ മിച്ചഭൂമി കോളനി |

ടി പ്രവൃത്തിക്കായി ആകെ 28,02,800/-രൂപ അനെർട്ടിൽ ഒടുക്കു വരുത്തി. പ്രോജക്റ്റിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 28,02,800/-രൂപ തടസ്സപ്പെടുത്തുന്നു.

കരാർ പ്രകാരം തുക നിക്ഷേപിച്ച തീയതിമുതൽ 6 മാസത്തിനുള്ളിൽ പദ്ധതി നിർവ്വഹണം പൂർത്തീകരിക്കേണ്ടതാണ്. ഇതിനായി കരാറിലെ വ്യവസ്ഥ 6 പ്രകാരം അനെർട്ട്, ബ്ലോക്ക് പഞ്ചായത്ത്, അനെർട്ട് നിർവ്വഹണത്തിനായി തെരെഞ്ഞെടുത്തിട്ടുള്ള ഏജൻസി എന്നിവരുമായി ത്രി-കക്ഷി കരാറിൽ ഏർപ്പെടേണ്ടതാണ്. പ്രസ്തുത കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

ഓഡിറ്റ് അന്വേഷണം – 09/ 22-08-2023.
തടസ്സപ്പെടുത്തിയ തുക – 28,02,800/-രൂപ.

## 1-19 സ്കൂളുകളിൽ നാപ്കിൻ ഡിസ്ട്രോയർ മെഷീനും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ (199/23) വനിതാ വികസന കോർപറേഷൻ മുഖേന നടപ്പിലാക്കിയ പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടില്ല.

അടങ്കൽ തുക - 12,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 11 സ്കൂളുകളിൽ ഷീ പാഡ്, നാപ്കിൻ ഡിസ്ട്രോയർ മെഷീൻ, അലമാര എന്നിവ വനിതാ വികസന കോർപറേഷൻ മുഖേന സ്ഥാപിക്കുന്നതിന് ആയതിന്റെ ചെലവ് തുകയുടെ (11,99,998/-) 50% തുകയായ 5,99,999/- രൂപ ബിൽ നം. 484 തീയതി 27-03-2023 പ്രകാരം പിൻവലിച്ച് വനിതാ വികസന കോർപറേഷന് നല്കി. ടി പ്രോജക്റ്റ് പൂർത്തീകരിച്ച് ബാക്കി തുക കൈപ്പറ്റിയിട്ടില്ല. ആയതിനാൽ വനിതാ വികസന കോർപറേഷന് നല്കിയിട്ടുള്ള 5,99,999/-രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് അന്തിമ ബിൽ നല്കി ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. – 09, തീയതി 22-08-2023.

തടസ്സപ്പെടുത്തിയ തുക - 5,99,999/- രൂപ.

## 1-20 ചിതറ ഗ്രാമ പഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയത്തിന് വിഹിതം നൽകൽ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് – ചിതറ ഗ്രാമ പഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയത്തിന് വിഹിതം നൽകൽ (23/23).
അടങ്കൽ തുക – 23,04,900/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ബിൽ നം 231, തീയതി 03-01-2023 പ്രകാരം 23,04,900/-രൂപ പിൻവലിച്ച് ചിതറ ഗ്രാമ പഞ്ചായത്തിന് നൽകി. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. – 09, തീയതി 22-08-2023.

തടസ്സപ്പെടുത്തിയ തുക - 23,04,900/- രൂപ.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 19-08-2023 | കെ.എസ്.എ.കെ.എൽ.എം.പി-3/1551/23 തീയതി 26.09.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ഫണ്ടിനം | പദ്ധതി നം/പേര് | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | ചെലവ് തുക (₹) | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 82/23 PMAYG ഭവനം (GENERAL) | 2022-23 | 42,33,966/- | 4233966/- | 0 |
| ഗ്രാമ പഞ്ചായത്ത് | 84/23 PMAYG ഭവനം (SCP) | 2022-23 | 50,60,000/- | 5060000/- | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചടയമംഗലം ഗ്രാമപഞ്ചായത്തിലെ അക്കോണം വാർഡിൽ ഇടുക്കുപാറ | 214/ 28.12.2022 | 11,04,900/- | 0 | 11,04,900/- |

| | | | | | |
|---|---|---|---|---|---|
| | പ്രദേശത്ത് മിനി കുടിവെള്ള പദ്ധതി (പ്രോജക്റ്റ് നം 18) | | | | |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ഇടത്തറ വാർഡിൽ കരവാരം ഭാഗത്ത് മിനി കുടിവെള്ള പദ്ധതി (പ്രോജക്റ്റ് നം 16) | 213/ 28.12.2022 | 10,00,000/- | 0 | 10,00,000/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചടയമംഗലം ഗ്രാമപഞ്ചായത്തിലെ പൂങ്കോട്ട് വാർഡിൽ നടുക്കുന്ന് ഭാഗത്ത് മിനികുടിവെള്ള പദ്ധതി (പ്രോജക്റ്റ് നം 21) | 215/ 28.12.2022 | 13,00,000/- | 0 | 13,00,000/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | വെളിനല്ലൂർ ഗ്രാമപഞ്ചായത്തിലെ അഞ്ഞൂറ്റിനാല് വാർഡിൽ കൊല്ലം കോണത്ത് എസ് സി കോളനിയിൽ കുടിവെള്ള പദ്ധതി (പ്രോജക്റ്റ് നം 91) | 48/ 30.12.2022 | 5,00,000/- | 0 | 5,00,000/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുമ്മിൾ ഗ്രാമപഞ്ചായത്തിലെ തച്ചോണം വാർഡിൽ മംഗലം കോളനി കുടിവെള്ള പദ്ധതി (പ്രോജക്റ്റ് നം 89) | 41/ 30.12.2022 | 5,00,000/- | 0 | 5,00,000/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ടേക്ക് എ ബ്രേക്കിന് കുഴൽക്കിണറും പമ്പ്സെറ്റും സ്ഥാപിക്കൽ (പ്രോജക്റ്റ് നം 17) | 212/ 28.12.2022 | 12,00,000/- | 0 | 12,00,000/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചടയമംഗലം ഗ്രാമപഞ്ചായത്തിലെ ഇളവക്കോട് വാർഡിൽ മിനി കുടിവെള്ള പദ്ധതി (പ്രോജക്റ്റ് നം 196) | 485/ 27.03.2023 | 7,00,000/- | 0 | 7,00,000/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ കാര്യം വാർഡിൽ വരയറ കോളനി ഭാഗത്ത് കുടിവെള്ള പദ്ധതി (പ്രോജക്റ്റ് നം 198) | 486/ 27.03.2023 | 6,00,000/- | 0 | 6,00,000/- |
| ANERT KOLLAM | വിവിധ കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (പ്രോജക്റ്റ് നം 87) | 78/ 17.02.2023 | 24,07,900/- | 0 | 28,02,800/- |
| | | 88/ 17.03.2023 | 3,94,900/- | | |
| PWD Electronics | കടയ്ക്കൽ ഗവ.ഹയർസെക്കന്ററി സ്കൂളിൽ കോൺഫറൻസ് ഹാളിലേക്ക് വേണ്ട സൗകര്യം ഒരുക്കൽ (പ്രോജക്റ്റ് നം 166) | 473/ 22.03.2023 | 5,99,100/- | 0 | 5,99,100/- |
| PWD Electronics | ബ്ലോക്ക് ഓഫീസിൽ നെറ്റ് വർക്കിംഗ് സംവിധാനം (പ്രോജക്റ്റ് | 474/ 22.03.2023 | 3,28,000/- | 0 | 3,28,000/- |

| | | | | | |
|---|---|---|---|---|---|
| | നം 110) | | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം വാർഷിക കണക്ക് പ്രകാരം ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ മുന്നിരുപ്പ്-വരവ്-ചെലവ്-തിരിച്ചടവില്ല.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2014-15 & 2015-16 | 3-11 | 990/- | സെക്രട്ടറി | 122070900032/12.08.22 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-11 | 2,50,000/- | ശ്രീമതി. റീന തോമസ്, പട്ടികജാതി വികസന ഓഫീസർ. | |
| 1-12 | 7,00,000/- | ഡോ. ധനുജ വി എ, സൂപ്രണ്ട്, താലൂക്ക് ആശുപത്രി കടയ്ക്കൽ | |
| 1-13 | 1,44,948/- | ഡോ. ശശി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിലമേൽ | |
| 1-14 | 4,41,563/- | ₹2,90,243/- | ഡോ. ശശി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., നിലമേൽ |
| | | ₹1,51,320/- | ഡോ. അനിത ബി വി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., വെളിനല്ലൂർ |
| 1-16 | 69,04,900/- | ₹56,04,900/- | ശ്രീ. വിമൽ ചന്ദ്രൻ ആർ, സെക്രട്ടറി |
| | | ₹13,00,000/- | ശ്രീ. സജീവ്. സി (സെക്രട്ടറി-ഇൻ-ചാർജ്ജ്) |
| 1-17 | 9,27,100/- | ശ്രീ. സജീവ് സി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | |
| 1-18 | 28,02,800/- | ശ്രീ. സജീവ് സി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | |
| 1-19 | 5,99,999/- | ശ്രീ. സജീവ് സി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | |
| 1-20 | 23,04,900/- | ശ്രീ. വിമൽ ചന്ദ്രൻ. ആർ, സെക്രട്ടറി | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിമൽ ചന്ദ്രൻ.ആർ, സെക്രട്ടറി | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,<br>ജില്ലാ കുടുംബശ്രീ മിഷൻ, കൊല്ലം | വിമൽ വിഹാർ, ഇളമാട്<br>പി.ഒ.<br>കൊല്ലം |
| ശ്രീ. സജീവ് സി.<br>(സെക്രട്ടറി-ഇൻ-ചാർജ്ജ്) | ജോയിന്റ് BDO<br>ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് | സജീവ് ഭവൻ, നെല്ലിമുക്ക്,<br>കുഴിമതിക്കാട്, കൊല്ലം |
| ഡോ ശശി, മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. നിലമേൽ | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. നിലമേൽ | സ്റ്റാർ ഹൗസ്, പാരിപ്പള്ളി |
| ഡോ അനിത ബി വി മെഡിക്കൽ<br>ഓഫീസർ സിഎച്ച് സി വെളിനല്ലൂർ | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. വെളിനല്ലൂർ | സൗപർണ്ണിക,<br>ഹോസ്പിറ്റൽ ജംഗ്ഷൻ,<br>പാറശ്ശാല |
| ഡോ. ധനുജ വി എ, സൂപ്രണ്ട്,<br>താലൂക്ക് ആശുപത്രി കടയ്ക്കൽ | സൂപ്രണ്ട്,<br>താലൂക്ക് ആശുപത്രി കടയ്ക്കൽ | ധ്വനി റ്റി സി 96/3086<br>പ്രശാന്ത് നഗർ, ഉള്ളൂർ |
| ശ്രീമതി. റീന തോമസ് ,<br>പട്ടികജാതി വികസന ഓഫീസർ. | പട്ടികജാതി വികസന ഓഫീസർ,<br>ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്. | ലൗഷോർ, മേലേവിള<br>ചാത്തന്നൂർ |
| ശ്രീമതി. രോഹിണി ജെ,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്. | ടി.സി15/1831(3) കൃഷ്ണാഞ്ജന,<br>നടക്കാവ്ലെയ്ൻ , പേരൂർക്കട<br>പിഒ, തിരുവനന്തപുരം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ്<br>വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും<br>ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള<br>ഖണ്ഡികകളുടെ<br>എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എകെ.എൽ.എം-പി-3/27/18 തീയതി 08-02-2018 | 1 |
| 2002-03 | കെ.എസ്.എകെ.എൽ.എം-പി-3/27/18 തീയതി 08-02-2018 | 1 |
| 2005-06 | കെ.എസ്.എകെ.എൽ.എം-പി-3/27/18 തീയതി 08-02-2018 | 2 |
| 2006-07 | കെ.എസ്.എകെ.എൽ.എം-പി-3/27/18 തീയതി 08-02-2018 | 2 |
| 2007-08 | എൽ.എഫ്.ക്യു.ഡി.ബി-1535(4)/14 തീയതി 09-07-14 | 7 |
| 2008-09 | എൽ.എഫ്.ക്യു.ഡി.ബി-1535(3)/14 തീയതി 09-07-14 | 10 |
| 2009-10 | കെ.എസ്.എ.കെ.എൽ എം.പി.-3/960/22 തീയതി 07-06-23 | 10 |
| 2010-11 | എൽ.എഫ്.ക്യു.ഡി.ബി-1535(1)/14 തീയതി 09-07-14 | 8 |
| 2011-12 | കെ.എസ്.എ.കെ.എൽ എം.പി.-3/അദാലത്ത്/2011-12/1541/22<br>തീയതി 29.08.22 | 5 |
| 2012-13 &<br>2013-14 | കെ.എസ്.എ.കെ.എൽ എം.പി.-3/അദാലത്ത്/2012-13&2013-14<br>/1541/22<br>തീയതി 29.08.22 | 6 |
| 2014-15 &<br>2015-16 | കെ.എസ്.എ.കെ.എൽ എം.പി.-3/അദാലത്ത്/2014-15&2015-16<br>/1541/22<br>തീയതി 29.08.22 | 6 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എകെ.എൽ.എം-പി-3/1953/2017 തീയതി 17-11-2017 | 12 |
| 2017-18 | കെ.എസ്.എകെ.എൽ.എം-പി-3/532/2022 തീയതി 03-02-2022 | 10 |
| 2018-19 | കെ.എസ്.എകെ.എൽ.എം-പി-3/824/2020 തീയതി 05/08/2022 | 22 |
| 2019-20 | കെ.എസ്.എകെ.എൽ.എം-പി-3/825/2020 തീയതി 10-05-23 | 10 |
| 2020-21 | കെ.എസ്.എകെ.എൽ.എം-പി-3/1049/22 തീയതി 29-07-2022 | 17 |
| 2021-22 | കെ.എസ്.എകെ.എൽ.എം-പി-3/441/23 തീയതി 10-04-23 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number II(1) dated 06-07-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chadayamangalam Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chadayamangalam Block Panchayat for the year 2022-2023

Date: 07/11/2023

Senior Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Chadayamangalam Block Panchayat for the Year 2022-2023.

**1.Major Observations**

-NIL-

**2.Other Observations**

1. The following mandatory financial statements prescribed are not submitted for audit :-

   Ratios & Cash Flow Statement.

2. Registers are not maintained properly/not reliable for audit.

3. Bills not encashed are included in Web Saankhya.

4. The balance of TSC & PMAY included in B4 schedule is not reconciled and the difference is not explained.

5. The expenditure of MGNREGS & MPLAD / MLASDF does not match with AFS.

6. The amount included in RP-10 (Rs. 26,476/-) & B4 Schedule (Rs. 6,77,315/-) is not verified due to lack of documents.

7. Amount utilised for deposit works not included in AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.